# പ്രാദേശിക ജൈവവൈവിധ്യ സുസ്ഥിര പരിപാലനം: 100 വിജയഗാഥകൾ

## കേരളത്തിലെ ജൈവവൈവിധ്യ പരിപാലന സമിതികൾ നടപ്പിലാക്കിയവ


കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

തിരുവനന്തപുരം

# പ്രാദേശിക ജൈവവൈവിധ്യ സുസ്ഥിര പരിപാലനം: 100 വിജയഗാഥകൾ

കേരളത്തിലെ ജൈവവൈവിധ്യ
പരിപാലന സമിതികൾ നടപ്പിലാക്കിയവ
(2019–2025)

**കേരള സംസ്ഥാന**
**ജൈവവൈവിധ്യ ബോർഡ്**
തിരുവനന്തപുരം
ഒക്ടോബർ, 2025

**പ്രാദേശിക ജൈവവൈവിധ്യ**
**സുസ്ഥിര പരിപാലനം:**
**100 വിജയഗാഥകൾ**
(കേരളത്തിലെ ജൈവവൈവിധ്യ
പരിപാലന സമിതികൾ നടപ്പിലാക്കിയവ)

**തയ്യാറാക്കിയത്:**
മിത്രാംബിക എൻ.ബി.,
റിസർച്ച് ഓഫീസർ, കെ.എസ്.ബി.ബി.
ഡോ. വി. ബാലകൃഷ്ണൻ,
മെമ്പർ സെക്രട്ടറി, കെ.എസ്.ബി.ബി.

**ഡിസൈൻ & ലേ ഔട്ട്:**
പ്രവീൺ കെ.പി.,
ഗ്രാഫിക് ഡിസൈനർ, കെ.എസ്.ബി.ബി.

**പ്രസിദ്ധീകരണം:**
മെമ്പർ സെക്രട്ടറി
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്,
തിരുവനന്തപുരം

ISBN 978-93-344-2494-2

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം. 802/പ്രസ്/സി.എം.ഒ/25 02 സെപ്റ്റംബർ, 2025

# സന്ദേശം

ജൈവവൈവിധ്യത്താൽ സമ്പന്നമായ കേരളത്തിന്റെ ഭൂപ്രകൃതി നമ്മുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക പൈതൃകത്തിന്റെ അടിസ്ഥാനമാണ്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനും പരിസ്ഥിതി സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിനും ജൈവ വൈവിധ്യ സംരക്ഷണവും പരിപോഷണവും ജൈവവിഭവങ്ങളുടെ സുസ്ഥിര വിനിയോഗവും അനിവാര്യമാണ്.

പ്രാദേശികതലം മുതൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.കൾ) പ്രവർത്തിച്ചുവരുന്നുണ്ട്. ബി.എം.സി.കൾ നിലവിൽ വന്ന ആദ്യകാലഘട്ടങ്ങളിൽ, ജനകീയ പങ്കാളിത്തത്തോടെ പ്രാദേശികതലത്തിൽ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. 2019നു ശേഷം പി.ബി.ആറിലെ വിവരങ്ങൾ കാലാനുസൃതമാക്കുന്നതോടൊപ്പം, അവയെ ആധാരമാക്കിയുള്ള ഹ്രസ്വകാല ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ബി.എം.സി.കൾക്ക് കഴിഞ്ഞു.

മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച നൂറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബി.എം.സികളുടെയും പ്രവർത്തനങ്ങളുടെ സംക്ഷിപ്തമാണ് ഈ കൈപ്പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ജൈവവൈവിധ്യ സംരക്ഷണ പരിപാലന രംഗത്ത് കേരളം നേടിയ മുന്നേറ്റങ്ങളെ രേഖപ്പെടുത്തുന്നതിനും, ഭാവിപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള മാർഗ്ഗദർശനമായും ഈ പുസ്തകം മാറും. ജൈവവൈവിധ്യത്തിന്റെ സംരക്ഷണ-പരിപോഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ബി.എം.സികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവർക്ക് ഈ രംഗത്ത് നേതൃത്വം കൊടുക്കുന്ന സംസ്ഥാന ജൈവവൈവിധ്യ ബോർഡിനും ഹൃദയം നിറഞ്ഞ ആശംസകളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**പിണറായി വിജയൻ**

# ആമുഖം

ഉഷ്ണമേഖലാ കാലാവസ്ഥയും സമൃദ്ധമായ മഴക്കാലങ്ങളും മനോഹരമായ ഭൂപ്രകൃതിയുമുള്ള ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കുപടിഞ്ഞാറേയറ്റത്തുള്ള സംസ്ഥാനമാണ് നമ്മുടെ കേരളം. ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളും ചോലവനങ്ങളും ഉൾപ്പെടെയുള്ള വനപ്രദേശങ്ങളും നീണ്ട കടൽത്തീരവും 44 നദികളാലും കായലുകളാലും സമൃദ്ധമായ ജലസമ്പത്തും കേരളത്തിന്റെ അനന്യമായിട്ടുള്ള പ്രകൃതി സവിശേഷതകളാണ്. ഇപ്രകാരമുള്ള സമൃദ്ധമായ ജൈവസമ്പത്തിന്റെ പ്രാദേശിക തലത്തിലുള്ള സംരക്ഷണത്തിനും പരിപാലനത്തിനും പരിപോഷണത്തിനും സുസ്ഥിര വിനിയോഗത്തിനും ചുക്കാൻ പിടിക്കുന്നതിന് നിയമപരമായി ചുമതലപ്പെട്ടവരാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികൾ അഥവാ ബി.എം.സി. കൾ.

പ്രാദേശികമായിട്ടുള്ള എല്ലാവിധ ജൈവ-ആവാസവ്യവസ്ഥകളുടെയും പരിപാലനം, കൃഷിചെയ്യുന്നതോ/ പോറ്റിവളർത്തുന്നതോ ആയിട്ടുള്ള വിളകൾ/ കന്നുകാലിയിനങ്ങൾ, നാടൻ ഇനങ്ങൾ, പാരമ്പര്യ ഇനങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയുടെ സംരക്ഷണവും സുസ്ഥിരോപയോഗവും ഉറപ്പാക്കുക, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുക എന്നിവ ബി.എം.സി. യുടെ ചുമതലകളിൽ ഉൾപ്പെടുന്നു. കൂടാതെ, ഒരു പ്രദേശത്തെ ജൈവവിഭവങ്ങളെക്കുറിച്ച് അവിടുത്തെ ജനങ്ങൾക്കുള്ള അറിവുകളും, അവർ നൂറ്റാണ്ടുകളായി പ്രകൃതിയുമായുള്ള നിരന്തര ഇടപെടലുകളിലൂടെ ആർജിച്ച നാട്ടറിവുകളും ശാസ്ത്രീയമായി രേഖപ്പെടുത്തിക്കൊണ്ട് ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ

(പി.ബി.ആറുകൾ) തയ്യാറാക്കുക, പ്രസ്തുത രജിസ്റ്ററിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുക, ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ കണ്ടെത്തി സംരക്ഷിക്കുക, ദേശീയ ജൈവവൈവിധ്യ ആസൂത്രണ കർമ്മപദ്ധതി, സംസ്ഥാന ജൈവ വൈവിധ്യ ആസൂത്രണ കർമ്മപദ്ധതി എന്നിവയ്ക്കനുസൃത മായി പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി അവ നടപ്പിലാക്കു ന്നതിന് നേതൃത്വം നൽകുക എന്നിവ ബി.എം.സി. കളുടെ സുപ്രധാന കർത്തവ്യങ്ങളാണ്.

2002 ൽ ജൈവവൈവിധ്യ നിയമം നിലവിൽ വന്ന് അധികം വൈകാതെ 2005 ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിക്കുകയും, 2008 ൽ സംസ്ഥാന ജൈവവൈവിധ്യ ചട്ട ങ്ങൾ രൂപീകരിക്കുകയും, 2012 ൽ സംസ്ഥാനത്തെ ഗ്രാമപഞ്ചാ യത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും ബി. എം.സി. കൾ രൂപീകരിക്കുകയും ചെയ്ത സംസ്ഥാനമാണ് കേരളം. 2019 ൽ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായ ത്തുകളിലും ബി.എം.സി.കൾ നിലവിൽ വന്നു. ബി.എം.സി. കളുടെ കാലാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളുടെ കാലാവധിയ്ക്കനുസൃതമായതിനാൽ 2016 ലും 2021 ലും ബി.എം.സി.കൾ സംസ്ഥാനത്ത് പുനർരൂപീ കരിക്കുകയുണ്ടായി. ബി.എം.സി. രൂപീകരണത്തോടൊപ്പം തന്നെ, ജനകീയ പങ്കാളിത്തത്തോടെ പ്രാദേശികതല ജൈവ വൈവിധ്യത്തെയും അനുബന്ധ അറിവുകളെയും ക്രോഡീക രിച്ചുകൊണ്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ (പി. ബി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികളും സംസ്ഥാന ജൈവവൈവിധ്യ ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളും കൈക്കൊണ്ടിരുന്നു.

2019 മുതൽ ഏകദേശം 250 ഓളം തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ ബി.എം.സി. കൾക്ക് വിവിധങ്ങളായ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കും പ്രാദേശികതല ജൈവവൈ വിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിനും വേണ്ട സാങ്കേതിക-സാമ്പത്തിക സഹായം ബോർഡ് നൽകിയിട്ടുണ്ട്.

ആയതിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മികച്ച രീതിയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ നൂറോളം ബി.എം.സി. കളുടെ പ്രവർത്തനങ്ങളുടെയും വിജയ കഥകളുടെയും സംക്ഷിപ്തമാണ് ഈയൊരു കൈപ്പുസ്തക ത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കണ്ടലുകൾ, കാവുകൾ, ചതു പ്പുകൾ, പുഴയോരം, തുരുത്തുകൾ തീരദേശം തുടങ്ങി വിവിധ ആവാസവ്യവസ്ഥകളുടെ പരിപോഷണവും പുനരുജ്ജീവനവും, വിവിധങ്ങളായ തനത് ജൈവജാതിയിനങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യ പാർക്കുകൾ തയ്യാറാക്കൽ, പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ എന്നിവ അതിലുൾപ്പെടുന്നു. കൂടാതെ, ജൈവവൈവിധ്യ നിയമ പ്രകാരമുള്ള ചുമതലകൾ ഉൾക്കൊണ്ടുകൊണ്ട് പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ചില ഇടപെടലുകൾ നടത്തിയ ബി.എം.സി. കളുടെ വിശദാംശങ്ങൾ പ്രത്യേക ഭാഗ മായി ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും പ്രകാരമുള്ള ചുമത ലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളെയും ബി.എം.സി.കളെയും ശാക്തീകരിക്കുന്നതിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രാജ്യത്തെ മികച്ച മാതൃകയാണ്. കേരളത്തിലെ മികച്ച രീതിയിലുള്ള പഞ്ചായ ത്തീരാജ് സംവിധാനവും സംസ്ഥാന സർക്കാരിന്റെ അകമ ഴിഞ്ഞ പിന്തുണയും ഉള്ളതുകൊണ്ടാണ് മേൽസൂചിപ്പിച്ച പ്രകാരം മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന തിന് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സാധിക്കുന്നത്. ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്ന തിനായി നിയമത്തിനും ചട്ടങ്ങൾക്കും ഉപരിയായി, ആവശ്യമായ സർക്കാർ ഉത്തരവുകളിലൂടെയും മാർഗ്ഗരേഖകളിലൂടെയും യഥാസമയങ്ങളിലുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. ബി.എം.സി. രൂപീകരണ ഉത്തരവ്, പി.ബി.ആർ. തയ്യാറാക്കുന്നതിനായി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ഉത്തരവ്, ബി.എം.സി.കളെ പരിസ്ഥിതി കാവൽസംഘങ്ങളായി നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ്, പ്രാദേശിക ജൈവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ പ്രഖ്യാപിക്കുന്നതിന് ബി.എം.സി. കൾക്ക്

അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ്, ബി.എം.സി. കളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി ജില്ലാതല ആസൂത്രണ സമിതികളുടെ സബ്കമ്മിറ്റിയായി ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് തുടങ്ങിയവയും, ബി.എം.സി. കൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്ന ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങൾക്ക് ഓണറേറിയം നൽകുന്നതിനും, ബി.എം.സി. അംഗങ്ങൾക്ക് യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീ അനുവദിച്ചുകൊണ്ടും 2025 ൽപുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളും, സംസ്ഥാനത്തെ ബി.എം.സി. കളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്ന സർക്കാർ ഇടപെടലുകളാണ്. പ്രസ്തുത വിവരങ്ങളുടെ ഒരദ്ധ്യായവും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മികച്ച പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മറ്റു ബി.എം.സി. കൾക്ക് പ്രചോദനവും മാർഗ്ഗദർശനവുമായിരിക്കുന്നതാണ്. പരിസ്ഥിതി ജൈവവൈവിധ്യ സംരക്ഷണ കാഴ്ചപ്പാടോടുകൂടിയ വികസനമെന്ന നിലപാട് പ്രാദേശികതലത്തിൽ തന്നെ കൈക്കൊള്ളുന്നതിന് ബി.എം.സി. ശാക്തീകരണത്തിലൂടെ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഭാഗമായി ജൈവവൈവിധ്യ സംരക്ഷണ-പരിപാലന-പരിപോഷണ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ ബി.എം.സി. കൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, വിദഗ്ധർക്കും, പൊതുജനങ്ങൾക്കും, എല്ലാവിധ പിന്തുണയുമായി ബോർഡിനോടൊപ്പം നിൽക്കുന്ന സർക്കാരിനും പ്രത്യേകിച്ചും പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചുകൊണ്ട്, ഈ പുസ്തകം പൊതുസമക്ഷം സമർപ്പിക്കുന്നു.

**ഡോ. വി. ബാലകൃഷ്ണൻ**
മെമ്പർ സെക്രട്ടറി
കെ.എസ്.ബി.ബി.

**ഡോ. എൻ. അനിൽകുമാർ**
ചെയർപേഴ്സൺ
കെ.എസ്.ബി.ബി.

KERALA STATE
BIODIVERSITY BOARD

9 781234 567897

**കേരള സംസ്ഥാന**
**ജൈവവൈവിധ്യ ബോർഡ്**